**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3028

13.03.18 - ൽ മറുപടിക്ക്.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ബഡ്സ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നാളിതുവരെയായി അനുവദിച്ചിട്ടുള്ള ബഡ്സ് സ്കൂളുകൾ എത്രയെന്നും അവയുടെ പേര്, വിലാസം, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരുടെ എണ്ണം, തസ്തിക എന്നിവ എന്തെല്ലാമെന്നും ഉള്ള വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) വിവരം ശേഖരിച്ചു വരുന്നു. |
| (ബി) ബഡ്സ് സ്കൂൾ ജീവനക്കാരായ സ്പെഷ്യൽ എഡ്യുക്കേറ്റർമാർക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശീലനങ്ങളുടെ ഉള്ളടക്കം, പരിശീലനം നൽകിയ ഏജൻസി, എത്ര ദിവസത്തെ പരിശീലനം; എത്ര സ്പെഷ്യൽ എഡ്യുക്കേറ്റർമാർ പങ്കെടുത്തു തുടങ്ങിയ വിവരങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കാമോ? | (ബി) ബഡ്സ് സ്കൂൾ ജീവനക്കാരായ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്(എസ്.ഐ.എം.സി), എസ്.ഇ.ആർ.റ്റി എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രത്യേക പരിശീലനങ്ങൾ സംസ്ഥാന തലത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ അധ്യാപകർക്കുള്ള പ്രത്യേക പരിശീലനങ്ങളും നിയമാവലി തയ്യാറാക്കുന്നതിനുള്ള ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്. 2015 മാർച്ച് 31, ഏപ്രിൽ 1 തീയതികളിൽ അധ്യാപക പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. ആയതിൽ 56 അധ്യാപകർ പങ്കെടുക്കുകയുണ്ടായി.<br>26/06/2015 മുതൽ 28/06/2015 വരെയും , 10/2/2017 മുതൽ 12/02/2017 വരെയും 24/02/2017 മുതൽ 26/02/2017 വരേയും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി), എസ്.ഇ.ആർ.റ്റി എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സി.ആർ.ഇ. (കണ്ടിന്യൂയിംഗ് റിഹാബിലിറ്റേഷൻ എഡ്യൂക്കേഷൻ) പരിശീലനവും, കരിക്കുലം പരിശീലനവും സംഘടിപ്പിച്ചിട്ടുണ്ട്. 153 അധ്യാപകർ ടി പരിശീലനങ്ങളിൽ ആകെ പങ്കെടുക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ